**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5175** **21-03-2025 - ൽ മറുപടിയ്ക്ക്**

**നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | **സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി പ്രകാരം ഗ്രൂപ്പ് ഫാമിംഗ് കൃഷി പ്രവർത്തനങ്ങൾക്കുള്ള പിന്തുണയും സാമ്പത്തിക സഹായവും നൽകി വരുന്നു. ടി പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിനായി ഗുണമേന്മയുള്ള വിത്ത്, ഉൽപ്പാദനോപാധികൾ, പാടശേഖര സമിതികൾക്കും നെൽകൃഷി വികസന ഏജൻസികൾക്കുമുള്ള സഹായം, പ്രോജക്ട് അടിസ്ഥാനത്തിൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സഹായം എന്നിവ ഗ്രൂപ്പ് ഫാമിങ് അടിസ്ഥാനത്തിൽ നൽകി വരുന്നുണ്ട്.** |
| (ബി) | ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ; | (ബി) | **പാടശേഖര സമിതികൾ, കുടുംബശ്രീ, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നീ ഏജൻസികൾ മുഖാന്തരം ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കുകയും, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, നാഷണൽ സീഡ്സ് കോർപറേഷൻ, കാർഷിക സർവ്വകലാശാല എന്നീ ഏജൻസികൾ മുഖാന്തരം കൃഷിക്കാവശ്യമുള്ള ഗുണമേന്മയുള്ള വിത്ത് നൽകുകയും ചെയ്യുന്നു. കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപറേഷൻ, റിബിൽഡ് കേരള ഇനിഷ്യറ്റീവ് എന്നിവ മുഖാന്തരമാണ് പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. നെൽകൃഷി യുമായി ബന്ധപ്പെട്ടുള്ള യന്ത്രവൽക്കരണ പ്രവർത്തികൾ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി മുഖാന്തരം നടത്തി വരുന്നു. പ്രാദേശികമായുള്ള നെൽകൃഷി സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പദ്ധതി നടത്തിപ്പിൽ സഹായിക്കുന്നതിനും 10 നെൽകൃഷി വികസന ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത നെൽകൃഷി വികസന ഏജൻസികൾ ഓണാട്ടുകര വികസന ഏജൻസി, ഉറവൂർ കരിനില വികസന** |

| | | | |
|---|---|---|---|
| | | | **ഏജൻസി, പുറക്കാട് നെൽകൃഷി വികസന ഏജൻസി, കുട്ടനാട് നെൽകൃഷി വികസന ഏജൻസി, തൃശ്ശൂർ പൊന്നാനി കോൾ വികസന ഏജൻസി, കൈപ്പാട് നെൽകൃഷി വികസന ഏജൻസി, പാലക്കാട് നെൽകൃഷി വികസന ഏജൻസി, വയനാട് നെൽകൃഷി വികസന ഏജൻസി, വൈക്കം നെൽകൃഷി വികസന ഏജൻസി, പൊക്കാളിനിലം വികസന ഏജൻസി എന്നിവയാണ്.** |
| (സി) | കടുത്തുരുത്തി മണ്ഡലത്തിലെ കിടങ്ങൂർ ഗ്രൂപ്പ് ഫാമിംഗ് ഏലായിലെ നെൽകൃഷിക്ക് ആവശ്യമായ വെള്ളം പമ്പ് ചെയ്യുന്നതിന് തടസ്സമായുള്ള ചെളി മാറ്റി പമ്പിംഗ് സുഗമമാക്കുന്നതിന് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് ബഹു. കൃഷി മന്ത്രിക്ക് നൽകിയിരിക്കുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (സി) | പാടശേഖരത്തിന്റെ അടിയന്തര സാഹചര്യം പരിഗണിച്ച് കൃഷി ഭവൻ മുഖേന കിടങ്ങൂർ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 10000/- രൂപ അനുവദിക്കുകയും ടി തുക ഉപയോഗിച്ച് പമ്പിംഗ് സുഗമമാക്കുന്നതിനായി ചെളി മാറ്റുന്ന പ്രവർത്തി നടത്തി പുഞ്ചകൃഷി ചെയ്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ